**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1002** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ മേഖലയിലെ കുടിവെള്ള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ,<br>ശ്രീ. കെ ദാസൻ,<br>ശ്രീ. കെ.യു. ജനീഷ് കുമാർ,<br>ശ്രീ . പി . കെ . ശശി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമീണ മേഖലകളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും കുടിവെള്ള വിതരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗ്രാമീണ മേഖലയിലെ ശുദ്ധജല ലഭ്യത ഉറപ്പ വരുത്തുന്നതിനും കുടിവെള്ള വിതരണ ത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിന് 6765.25 കോടി രൂപയുടെ കുടിവെള്ള വിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പദ്ധതിയിലൂടെ സംസ്ഥാനം ഒട്ടാകെ 21,64,801 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിശദാംശം അനുബന്ധം 1 ൽ ചേർക്കുന്നു. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 31/12/2020 വരെ 1017 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും അതുവഴി 1.76 ലക്ഷം കുടുംബങ്ങളിലെ 7.76 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം നൽകുകയും ചെയ്തു. ഇതിനായി 799.24 കോടി രൂപ ചിലവാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ പദ്ധതികളിൽ 804 ചെറുകിട കുടിവെള്ള പദ്ധതികളും 187 ഏകപഞ്ചായത്ത് വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ)/ പദ്ധതികളുടെ പുനരുദ്ധാരണവും 3 മൾട്ടി ജി പി പദ്ധതിയും, 23 ബൃഹദ് പദ്ധതികളും ഉൾപ്പെടുന്നു. 574 ഭൂജല സംവർദ്ധന യൂണിറ്റുകളും (ജി.ഡബ്ല്യു.ആർ) ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചു. 54,500 ഓളം ഗുണഭോക്താക്കൾക്ക് പദ്ധതി നടത്തിപ്പിനുള്ള പരിശീലനം നല്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം 2 ൽ ചേർക്കുന്നു. സംസ്ഥാനത്ത് ഗ്രാമീണ മേഖലകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും കുടിവെള്ള |

| | | | |
|---|---|---|---|
| | | | വിതരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 113 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാൻഡ് പമ്പ് കുടിവെള്ള പദ്ധതികളും 604 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണവും നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 3ൽ ചേർത്തിരിക്കുന്നു. |
| (ബി) | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ; | (ബി) | 2012-2019 കാലയളവിൽ നടപ്പിലാക്കിയ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഏറ്റെടുത്ത 115 ഗ്രാമപഞ്ചായത്തുകളിലെ 2176 പദ്ധതികളിൽ 2173 എണ്ണം പൂർത്തിയാക്കുകയും, അതുവഴി 2.54 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ള സൗകര്യം എത്തിയ്ക്കുവാനും സാധിച്ചു. ഇനിയും പൂർത്തീകരിക്കുവാൻ ബാക്കിയുള്ള 3 സ്കീമുകളുടെ പ്രവർത്തികൾ സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടന്നു വരുന്നു. ഇതിലൂടെ 6108 ഓളം കുടുംബങ്ങൾക്ക് പുതുതായി കുടിവെള്ളം നൽകുവാൻ കഴിയും. ഇവ 2021 മാർച്ച് മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പ വരുത്തുന്നതിനായി 73 ഗ്രാമപഞ്ചായത്തുകളിൽ 1899 ഭൂജല സംരക്ഷണ പരിപോഷണ പ്രവൃത്തികളും പൂർത്തീകരിച്ചു. |
| (സി) | ഗ്രാമീണ ജനതയ്ക്ക് കുടിവെള്ള, ശുചിത്വ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലോകബാങ്ക് എന്തെല്ലാം ധനസഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 2012 ൽ ആരംഭിച്ച് 2019 ൽ ക്രഡിറ്റ് കാലാവധി അവസാനിച്ച ജലനിധി രണ്ടാംഘട്ട പദ്ധതിയ്ക്ക് ലോകബാങ്കിൽ നിന്നും 884.28 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട് . |
| (ഡി) | ജലനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | 2012-2019 കാലയളവിൽ നടപ്പിലാക്കിയ ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ തലത്തിലും പദ്ധതി നടത്തിപ്പ് ഏജൻസിയായ കെ.ആർ.ഡബ്ല്യു.എസ്സ്.എ യുടെ തലത്തിലും തുടർച്ചയായി അവലോകനം നടന്നുവരുന്നുണ്ട്. ആയതിന്റെ ഫലമായി ഏറ്റെടുത്ത 2176 കുടിവെള്ള പദ്ധതികളിൽ 2173 പദ്ധതികൾ ഇതുവരെ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 പദ്ധതികൾ 2021 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിയ്ക്കാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ ഗ്രാമപഞ്ചായത്തു തലത്തിലും മേഖലാഓഫീസ് തലത്തിലും സംസ്ഥാന തലത്തിലും തുടർച്ചയായി പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ